റിപ്പോർട്ട്

കെ.കെ ബഷീർ

# സോളിഡാരിറ്റി എൻഡോസൾഫാൻ പുനരധിവാസ പദ്ധതി ഒന്നാം ഘട്ടം പൂർത്തീകരിച്ചു

**കാസർകോട്:** വിനാശകരമായ വികസന പദ്ധതികളെക്കുറിച്ച് പുനഃപരിശോധന വേണമെന്ന് ജലവിഭവ മന്ത്രി എൻ.കെ പ്രേമചന്ദ്രൻ പറഞ്ഞു. സോളിഡാരിറ്റി എൻഡോസൾഫാൻ പുനരധിവാസ പദ്ധതി പൂർത്തീകരണ പ്രഖ്യാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വികസന പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ പ്രത്യാഘാതംകൂടി പരിശോധിക്കണമെന്ന് എൻഡോസൾഫാൻ ദുരന്ത മേഖല ബോധ്യപ്പെടുത്തുന്നു. ആസൂത്രണരഹിതമായ വികസന പ്രവർത്തനങ്ങൾ കേരളത്തിന്റെ കാലാവസ്ഥയെ മാറ്റിമറിക്കുന്നു. കൃത്യമായി ലഭിക്കാറുള്ള മഴ വഴിമാറി. വികസന പദ്ധതി നടപ്പാക്കുമ്പോൾ കുടിയൊഴിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുകയാണ് ആദ്യം വേണ്ടത് എന്ന് കോടതി തന്നെ പറഞ്ഞിട്ടുണ്ട്. തിക്തഫലങ്ങളും പാർശ്വഫലങ്ങളും വികസനത്തിൽനിന്ന് ഒഴിവാക്കണം. സോളിഡാരിറ്റിയുടേത് സൃഷ്ട്യുന്മുഖമായ പുതിയ സമരമുറയാണ്. താനുൾപ്പെടെയുള്ള സർക്കാറിനും മറ്റു സംഘടനകൾക്കും ഇത് മാതൃകയാക്കാവുന്നതാണ്. ഉത്തരവാദിത്വബോധത്തോടെയുള്ള മൂലധന നിക്ഷേപമാണ് നമുക്ക് വേണ്ടത് അദ്ദേഹം പറഞ്ഞു.

സോളിഡാരിറ്റി എൻഡോസൾഫാൻ ദുരിതബാധിതർക്കായി പ്രഖ്യാപിച്ച 50 ലക്ഷം രൂപയുടെ എൻഡോസൾഫാൻ പുനരധിവാസ പദ്ധതി ഒന്നാംഘട്ടം ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി നാടിന് സമർപ്പിച്ചു.

കേരളത്തിലെ യുവാക്കളിൽ നന്മ വറ്റിയിട്ടില്ലെന്നതിന് ഉജ്വലമായ തെളിവാണ് സോളിഡാരിറ്റിയുടെ നേതൃത്വത്തിൽ നടന്ന ഈ ജീവകാരുണ്യ പ്രവർത്തനമെന്ന് ടി. ആരിഫലി പൂർത്തീകരണ പ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു. '70കളിലെ യൗവനത്തെ ക്ഷുഭിത യൗവനമെന്ന് വിശേഷിപ്പിച്ചിരുന്നു. ആ യൗവനം പിന്നീട് നിർജീവമായതാണ് നാം കണ്ടത്. ഇന്ന് യുവാക്കൾ പല വഴിക്കും തിരിഞ്ഞുപോയിരിക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ട് ഒരുവിഭാഗം ജീവിതത്തെ ധൂർത്തടിക്കുന്നു. മറ്റൊരു വിഭാഗം പഠിച്ച് ജോലി നേടി സ്വാർഥതാൽപര്യത്തിനുവേണ്ടി മാത്രം വരുമാനം ഉപയോഗിക്കുന്നു. മൂന്നാമതൊരു വിഭാഗം തീവ്രവാദത്തിലേക്കും ഭീകരവാദത്തിലേക്കും വഴുതിപ്പോയിരിക്കുന്നു. ഇങ്ങനെയുള്ളവരുടെ ഇടയിലാണ് ജനസേവനത്തിന്റെ ഉജ്വല സന്ദേശമുയർത്തി സോളിഡാരിറ്റി പ്രവർത്തിക്കുന്നത്. അദ്ദേഹം പറഞ്ഞു.




പുനരധിവാസ പ്രഖ്യാപന ചടങ്ങിൽ
ജലവിഭവമന്ത്രി എൻ.കെ പ്രേമചന്ദ്രൻ

വാർത്താമാധ്യമങ്ങൾ പദ്ധതിയുടെ പ്രഖ്യാപനത്തെ ചെറുതാക്കി. അതേസമയം, ചെങ്ങറയിൽ സോളിഡാരിറ്റി പ്രവർത്തകർ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യാനെത്തിയപ്പോൾ പോലിസുമായുണ്ടായ കശപിശക്ക് വലിയ പ്രാധാന്യം കിട്ടി. കശപിശ മാത്രം റിപ്പോർട്ട് ചെയ്യുന്നവരായി വാർത്താമാധ്യമങ്ങൾ മാറിയിരിക്കുന്നു. നന്മയുടെ നീരുറവകൾക്ക് മാധ്യമങ്ങൾ പ്രോൽസാഹനം നൽകണമെന്ന് അദ്ദേഹം നിർദേശിച്ചു.

ദുരിതബാധിതർക്കുവേണ്ടി പണിത 14 വീടുകളുടെ താക്കോൽദാനം മന്ത്രി എൻ.കെ പ്രേമചന്ദ്രൻ നിർവഹിച്ചു. കയ്യൂർ-ചീമേനി പഞ്ചായത്തിലെ കൗസല്യ, മുഹമ്മദ് യാസീൻ, മൈമൂന, പുല്ലൂർ-പെരിയ പഞ്ചായത്തിലെ ഫാഇസ്, മുളിയാർ പഞ്ചായത്തിലെ ജമീല, ഫരീദ, ആഇശ, കുമ്പടാജെ പഞ്ചായത്തിലെ മുഹമ്മദ്, ഭവ്യ, രേഖ, എൻമകജെ പഞ്ചായത്തിലെ ജീവൻരാജ്-ദേവികിരൺ, സൗമ്യ ഷേണി, ബദിയടുക്ക പഞ്ചായത്തിലെ അജിത് ഷാജി എന്നിവർ താക്കോൽ ഏറ്റുവാങ്ങി.

തൊഴിൽ പദ്ധതിയുടെ ഭാഗമായി ആലന്തട്ട കുഞ്ഞിക്കണ്ണൻ, പിലാവളപ്പിൽ ലത്വീഫ് എന്നിവർക്ക് പശു, തയ്യൽ മെഷീൻ എന്നിവ മുൻമന്ത്രി മാത്യു ടി. തോമസ് വിതരണം ചെയ്തു. വിദ്യാഭ്യാസ സഹായം കുളപ്പുറത്തെ മനോജിന് കെ.പി.സി.സി ജനറൽ സെക്രട്ടറി എം.ഐ ഷാനവാസ് നൽകി.

എൻഡോസൾഫാൻ പ്രശ്നത്തെ അതീവ ഗൗരവത്തോടെ സമീ


വീടിന്റെ താക്കോൽ സ്വീകരിക്കുന്ന ഒരു എൻഡോസൾഫാൻ ബാധിത കുടുംബം

പിച്ച
യുവജന പ്രസ്ഥാനമാണ് സോളിഡാരിറ്റി എന്ന് മുൻമന്ത്രി മാത്യു ടി. തോമസ് പറഞ്ഞു. വികസനത്തിന് സമാന്തരമായി വിനാശമുണ്ടാകുമെന്ന് എൻഡോസൾഫാൻ ദുരന്തം നമ്മെ ബോധ്യപ്പെടുത്തി. അൽപകാലത്തേക്കുള്ള ലാഭം മുൻനിർത്തിയുള്ള വികസനമല്ല, ജന്തു ജീവജാലങ്ങളെ നിലനിർത്തുന്നതും പരിപോഷിപ്പിക്കുന്നതുമായ വികസനം വേണം -അദ്ദേഹം പറഞ്ഞു.

പി. കരുണാകരൻ എം.പി, സി.ടി അഹമ്മദലി എം.എൽ.എ, കെ.വി കുഞ്ഞിരാമൻ എം.എൽ.എ, കാസർകോട് നഗരസഭാ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്റാഹിം, എൻമകജെ പഞ്ചായത്ത് പ്രസിഡന്റ് എ. പുഷ്പ, മുളിയാർ പഞ്ചായത്ത് പ്രസിഡന്റ് ഖാലിദ് ബെള്ളിപ്പാടി, ഡോക്യുമെന്ററി സംവിധായകൻ എം.എ റഹ്മാൻ, പ്രസ്ക്ലബ് പ്രസിഡന്റ് സൂപ്പി വാണിമേൽ, എൻഡോസൾഫാൻ വിരുദ്ധ സമിതി ചെയർമാൻ നാരായണൻ പേരിയ, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് പി.കെ അബൂബക്കർ നദ്‌വി, എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് പി.എം സ്വാലിഹ്, പുഞ്ചിരി ക്ലബ്ബ് പ്രസിഡന്റ് കെ.ബി. മുഹമ്മദ്കുഞ്ഞി എന്നിവർ സംസാരിച്ചു.

പദ്ധതി കോ-ഓർഡിനേറ്റർ കെ.കെ. ബഷീർ റിപ്പോർട്ട് അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ സേവനത്തിനുള്ള ഉപഹാരം ടി. ആരിഫലി നൽകി.

സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ ശഫീഖ് സ്വാഗതവും ജില്ലാ പ്രസിഡന്റ് കെ.കെ ഇസ്മാഈൽ നന്ദിയും പറഞ്ഞു. ■